## നമുക്ക് ഫാസിസവും വേണ്ട, ലിബറലിസവും വേണ്ട. വേണ്ടത് സോവിയറ്റ് രീതി മാത്രം."

## അന്റോണിയോ ഗ്രാംഷി 1924

### പരിഭാഷ : അഖിൽ

ഫാസിസ്റ്റ് ഭരണകൂടം തകരുന്ന കാലത്തെ രാഷ്ട്രീയ പ്രതിസന്ധിയിൽ, പ്രതിപക്ഷ സഖ്യം വലിയ ശക്തിയായി മാറുന്നില്ല.

പല വ്യത്യസ്ത വിഭാഗങ്ങൾ ചേർന്നതാണ് ഈ സഖ്യം. അതുകൊണ്ട് അവർക്ക് ഉറച്ച തീരുമാനങ്ങളെടുക്കാൻ കഴിയുന്നില്ല. ജനങ്ങളുടെ പോരാട്ടങ്ങളെ നയിക്കാനും അവർ തയ്യാറല്ല.

അതിനാൽ അവരുടെ പ്രവർത്തനം കൂടുതലായും പത്രങ്ങളിലെ വിമർശനങ്ങളിലും പാർലമെന്റിലെ രാഷ്ട്രീയ കളികളിലും ഒതുങ്ങുന്നു.

എന്നാൽ ഫാസിസ്റ്റ് പാർട്ടിയുടെ ആയുധധാരികളായ സംഘങ്ങളെ നേരിടാൻ ഇതൊന്നും മതിയാകുന്നില്ല.

അതുകൊണ്ട് അവരുടെ ശ്രമങ്ങൾ ഫലമില്ലാതെ പോകുന്നു..
ഫാസിസത്തിനെതിരായ പ്രതിപക്ഷ പ്രസ്ഥാനത്തിൽ ഏറ്റവും പ്രധാന പങ്ക് ലിബറൽ പാർട്ടിക്കാണ് ലഭിച്ചത്. കാരണം, ഫാസിസത്തിന് പകരമായി മുന്നോട്ടുവയ്ക്കാൻ അവരുടെ കൈവശമുണ്ടായിരുന്നത് പഴയ ലിബറൽ പരിപാടി മാത്രമായിരുന്നു.

അവർ ആവശ്യപ്പെട്ടത് പാർലമെന്ററി ജനാധിപത്യം, ഭരണഘടന, നിയമവാഴ്ച, പഴയ ജനാധിപത്യ സംവിധാനം എന്നിവ വീണ്ടും കൊണ്ടുവരിക എന്നതാണ്.

അങ്ങനെ ജനങ്ങളുടെ മുന്നിൽ ഒരു തിരഞ്ഞെടുപ്പ് വെക്കപ്പെട്ടു: ഒരു വശത്ത് മുസ്സോളിനിയുടെ ഫാസിസ്റ്റ് ഏകാധിപത്യം, മറുവശത്ത് പഴയ ലിബറൽ ജനാധിപത്യം.

എന്നാൽ ഈ പഴയ ജനാധിപത്യ സംവിധാനത്തിലും മുതലാളിവർഗ്ഗത്തിന്റെ ആധിപത്യം തുടരും. ഭരണരീതിയിൽ ചില മാറ്റങ്ങൾ വന്നാലും, തൊഴിലാളികളുടെയും സാധാരണ ജനങ്ങളുടെയും ചൂഷണം അവസാനിക്കുകയില്ല.

അതിനാൽ ഫാസിസത്തിന് യഥാർത്ഥ ബദൽ പഴയ ലിബറൽ ഭരണക്രമമല്ല. ജനങ്ങളുടെ വിമോചനത്തിനായി തൊഴിലാളിവർഗ്ഗത്തിന്റെ സ്വതന്ത്ര പോരാട്ടവും പുതിയ സാമൂഹിക വ്യവസ്ഥയും ആവശ്യമാണ്.വർഷങ്ങളായി ഫാസിസ്റ്റ് അടിച്ചമർത്തൽ അനുഭവിക്കുന്ന തൊഴിലാളിയും കർഷകനും, ഫാസിസ്റ്റ് ഭരണത്തെ തകർക്കാൻ ലിബറൽ മുതലാളിവർഗ്ഗവുമായി സഖ്യമുണ്ടാക്കേണ്ടതുണ്ടെന്ന് വിശ്വസിക്കാൻ പ്രേരിപ്പിക്കപ്പെടുന്നു.

എന്നാൽ ഇതേ മുതലാളിവർഗ്ഗമാണ് മുമ്പ് അധികാരത്തിലിരുന്നപ്പോൾ തൊഴിലാളികൾക്കും കർഷകർക്കുമെതിരെ ഫാസിസത്തെ പിന്തുണച്ചതും അതിന് ശക്തി നൽകിയതും. ഏതാനും മാസങ്ങൾ മുമ്പുവരെ അവർ ഫാസിസ്റ്റുകളുമായി ചേർന്ന് പ്രവർത്തിക്കുകയും അവരുടെ കുറ്റകൃത്യങ്ങളുടെ ഉത്തരവാദിത്വത്തിൽ പങ്കാളികളാവുകയും ചെയ്തിരുന്നു.

ഫാസിസത്തെ ഇല്ലാതാക്കാനുള്ള മാർഗം ഇതാണോ?

അല്ല.

ഫാസിസത്തെ ഇല്ലാതാക്കുക എന്നത് അതിനെ സൃഷ്ടിക്കുകയും വളർത്തുകയും ചെയ്ത മുതലാളിവർഗ്ഗത്തിന്റെ ആധിപത്യം അവസാനിപ്പിക്കുക എന്നതാണ്.മാറ്റിയോറ്റിയുടെ കൊലപാതകത്തിന് ശേഷം കമ്മ്യൂണിസ്റ്റ് പാർട്ടി "കൊലയാളികളുടെ സർക്കാർ താഴെ ഇറങ്ങട്ടെ! ഫാസിസ്റ്റ് മിലീഷ്യ പിരിച്ചുവിടുക!" എന്ന മുദ്രാവാക്യം ഉയർത്തിയപ്പോൾ, ആ കൊലയാളി സർക്കാരിന് പകരം ഫാസിസത്തിന് വഴിയൊരുക്കിയവരുടെ സർക്കാർ വരണമെന്ന് അവർ ഉദ്ദേശിച്ചിരുന്നില്ല.

ഫാസിസ്റ്റുകൾക്ക് ശക്തി നൽകുകയും അവരെ സംരക്ഷിക്കുകയും ചെയ്ത പഴയ ലിബറൽ നേതാക്കൾക്ക് ഫാസിസത്തെ ഇല്ലാതാക്കാൻ കഴിയുമെന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി വിശ്വസിച്ചിരുന്നില്ല.

ഫാസിസ്റ്റ് മിലീഷ്യ രൂപീകരിക്കപ്പെട്ട കാലത്ത് അധികാരത്തിലിരുന്ന ജിയോളിറ്റി, നിട്ടി, അമെൻഡോള തുടങ്ങിയ നേതാക്കളാണ് അതിന് വളരാനും ശക്തിപ്പെടാനും അവസരം നൽകിയത്.

തൊഴിലാളിവർഗത്തിനെതിരെ ഉപയോഗിക്കാനായി അവർ പിന്തുണച്ചതും ശക്തിപ്പെടുത്തിയതുമായ ആ ഫാസിസ്റ്റ് മിലീഷ്യയെ പിന്നീട് അവർ തന്നെ നിരായുധമാക്കുമെന്ന് വിശ്വസിക്കുന്നത് ഒരു വലിയ തെറ്റായിരിക്കും.ഈ മുദ്രാവാക്യം മുന്നോട്ടുവച്ചപ്പോൾ, തകർന്നുകൊണ്ടിരുന്ന ഫാസിസ്റ്റ് ഭരണത്തിന് പകരം പഴയ ലിബറൽ ഭരണത്തെ കൊണ്ടുവരുക എന്ന ഉദ്ദേശ്യം കമ്മ്യൂണിസ്റ്റ് പാർട്ടിക്കുണ്ടായിരുന്നില്ല.

റോമിലേക്കുള്ള മാർച്ച് തന്നെ പഴയ ലിബറൽ ഭരണത്തിന്റെ പരാജയവും അതിന്റെ അന്തിമ തകർച്ചയും വ്യക്തമാക്കിയിരുന്നു.

ഫാസിസത്തിന്റെ പ്രതിസന്ധി ആരംഭിച്ച നാൾമുതൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു കാര്യം ഉറച്ചുപറഞ്ഞിരുന്നു:

ഫാസിസ്റ്റ് ഭരണത്തെ അവസാനിപ്പിക്കേണ്ടതും അതിന് പകരം പുതിയ അധികാരം സ്ഥാപിക്കേണ്ടതും തൊഴിലാളിവർഗവും കർഷകരുമാണ്.

ഫാസിസത്തിന്റെ ശവക്കുഴി തോണ്ടുന്നവരും പുതിയ സമൂഹത്തിന്റെ നിർമ്മാതാക്കളും അവരായിരിക്കണം.ഫാസിസത്തെ പരാജയപ്പെടുത്താൻ തൊഴിലാളികളുടെയും കർഷകരുടെയും ബഹുജന പോരാട്ടം അനിവാര്യമാണ്. വർഗസമരത്തിലൂടെയും ജനകീയ പ്രവർത്തനങ്ങളിലൂടെയും മാത്രമേ ഫാസിസത്തെ തകർക്കാൻ കഴിയൂ.

ഫാസിസത്തിനെതിരായ പോരാട്ടത്തിൽ മുതലാളിവർഗത്തിനകത്തും ചെറുകിട മധ്യവർഗത്തിനകത്തും നിലനിൽക്കുന്ന ഭിന്നതകളും സംഘർഷങ്ങളും തൊഴിലാളിവർഗം പ്രയോജനപ്പെടുത്താം. എന്നാൽ ജനങ്ങളുടെ നേരിട്ടുള്ള പ്രവർത്തനവും സമരവും ഇല്ലാതെ ഫാസിസം ഒരിക്കലും പരാജയപ്പെടുകയില്ല.

ഇങ്ങനെ പ്രശ്നത്തെ അവതരിപ്പിക്കുമ്പോൾ, ഫാസിസത്തിന് ശേഷം അധികാരം ആരുടെ കൈകളിലായിരിക്കണം എന്ന ചോദ്യവും വ്യക്തമായി ഉയർന്നുവരുന്നു.

തൊഴിലാളികളുടെയും കർഷകരുടെയും പോരാട്ടത്തിലൂടെയാണ് ഫാസിസം പരാജയപ്പെടുന്നതെങ്കിൽ, അതിന് ശേഷം അധികാരം പഴയ ലിബറൽ ശക്തികൾക്ക് ലഭിക്കേണ്ടതില്ല.

ആ അവകാശം തൊഴിലാളികളുടെയും കർഷകരുടെയും സർക്കാരിനാണ്.

കാരണം, ഫാസിസ്റ്റ് മിലീഷ്യയെ യഥാർത്ഥത്തിൽ നിരായുധമാക്കാനും തൊഴിലാളികളെയും കർഷകരെയും സായുധരാക്കാനും ആവശ്യമായ മനഃസന്നദ്ധതയും കഴിവും അത്തരമൊരു സർക്കാരിനേ ഉണ്ടായിരിക്കൂ.
ഇന്ന് പ്രശ്നം ഭരണഘടനയിലേക്കോ പഴയ ജനാധിപത്യത്തിലേക്കോ ലിബറലിസത്തിലേക്കോ മടങ്ങിപ്പോകുക എന്നതല്ല.

മുതലാളിവർഗം തൊഴിലാളികളെയും കർഷകരെയും വഴിതെറ്റിക്കാൻ ഉപയോഗിക്കുന്ന മധുരവാക്കുകളാണ് ഇവ.

യഥാർത്ഥ പ്രശ്നം മറ്റൊന്നാണ്. വർഷങ്ങളായി തങ്ങളെ അടിച്ചമർത്തിയ ഫാസിസത്തിനെതിരെയും, തങ്ങളെ തെറ്റിദ്ധരിപ്പിച്ച ലിബറലിസത്തിനെതിരെയും തൊഴിലാളികളുടെയും കർഷകരുടെയും പ്രതികാരവും പോരാട്ടവുമാണ് ഈ പ്രതിസന്ധിയുടെ യഥാർത്ഥ ഉള്ളടക്കം.

ഫാസിസത്തെ എതിർക്കുന്നതായി നടിച്ച പല ലിബറൽ നേതാക്കളും ഏതാനും മാസങ്ങൾ മുമ്പുവരെ മുസ്സോളിനിയുമായി സഹകരിക്കുകയോ സഹകരിക്കാൻ ശ്രമിക്കുകയോ ചെയ്തവരായിരുന്നു.

അതുകൊണ്ട് തൊഴിലാളികളുടെയും കർഷകരുടെയും മോചനം പഴയ ലിബറൽ ഭരണക്രമത്തിലേക്കുള്ള തിരിച്ചുപോക്കിലല്ല, മറിച്ച് ഫാസിസത്തെയും അതിനെ വളർത്തിയ സാമൂഹിക ശക്തികളെയും പൂർണമായി പരാജയപ്പെടുത്തുന്നതിലൂടെയാണ് സാധ്യമാകുന്നത്.
ഇറ്റലിയിലെ പ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിയുക തൊഴിലാളികളുടെയും കർഷകരുടെയും ബഹുജന പ്രവർത്തനത്തിലൂടെയാണ്.

പാർലമെന്റിലെ രാഷ്ട്രീയ കുതന്ത്രങ്ങളിലൂടെയോ നേതാക്കളുടെ തമ്മിലുള്ള ഒത്തുതീർപ്പുകളിലൂടെയോ ഫാസിസത്തെ ഇല്ലാതാക്കാൻ കഴിയില്ല. അത്തരം ഒത്തുതീർപ്പുകൾ ഉണ്ടായാലും, അധികാരം മുതലാളിവർഗത്തിന്റെ കൈകളിൽ തന്നെ തുടരും. ഫാസിസ്റ്റ് ശക്തികളും അവരുടെ സേവനത്തിനായി നിലനിൽക്കും.

ലിബറലിസത്തിന് ഇനി ഫാസിസത്തെ പരാജയപ്പെടുത്താനുള്ള ശക്തിയില്ല. അത് കഴിഞ്ഞ കാലത്തിന്റെ ഒരു രാഷ്ട്രീയ പ്രവണതയാണ്.

എത്ര നേതാക്കൾ ഒന്നിച്ചാലും, എത്ര പുതിയ സഖ്യങ്ങൾ രൂപീകരിച്ചാലും, പഴയ ലിബറലിസത്തിന് വീണ്ടും ജീവൻ നൽകാനോ ഫാസിസത്തെ അവസാനിപ്പിക്കാനോ കഴിയില്ല.

ഫാസിസത്തിന്റെ അന്ത്യം കൊണ്ടുവരാൻ കഴിയുക തൊഴിലാളികളുടെയും കർഷകരുടെയും സംഘടിതമായ ജനകീയ പോരാട്ടത്തിന് മാത്രമാണ്.

തൊഴിലാളികളുടെയും കർഷകരുടെയും ഒരു സർക്കാർ മാത്രമാണ് ഫാസിസത്തെ പൂർണമായി പരാജയപ്പെടുത്താൻ കഴിയുക.

അത്തരം ഒരു സർക്കാർ പഴയ ഭരണഘടനയെയോ ലിബറലിസത്തിന്റെ വിശുദ്ധ തത്വങ്ങളെയോ സംരക്ഷിക്കുന്നതിലല്ല ശ്രദ്ധ കേന്ദ്രീകരിക്കുക. പകരം, ഫാസിസത്തെ പൂർണമായി തകർക്കുകയും അതിനെ നിരായുധമാക്കുകയും ചെയ്യും.

നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും തൊഴിലാളികളുടെയും കർഷകരുടെയും താൽപര്യങ്ങൾ എല്ലാ ചൂഷകരിൽ നിന്നും സംരക്ഷിക്കാൻ അത് പ്രതിജ്ഞാബദ്ധമായിരിക്കും.

അടിച്ചമർത്തലിന്റെയും ചൂഷണത്തിന്റെയും കുറ്റകൃത്യങ്ങളുടെയും പഴയ കാലഘട്ടത്തിന് അന്ത്യം കുറിക്കാനും, അധ്വാനിക്കുന്ന ജനങ്ങൾക്ക് യഥാർത്ഥ സ്വാതന്ത്ര്യമുള്ള ഒരു പുതിയ ഭാവി സൃഷ്ടിക്കാനും കഴിയുന്ന ഏക ശക്തി അത്തരമൊരു സർക്കാരാണ്
ഇന്ന് ഈ സത്യം തൊഴിലാളിവർഗത്തോട് തുടർച്ചയായി പറയുന്നത് കമ്മ്യൂണിസ്റ്റ് പാർട്ടി മാത്രമാണെന്ന് അവർ വാദിക്കുന്നു.

പാർട്ടിയുടെ സ്വാധീനം വളരുകയും സംഘടന ശക്തിപ്പെടുകയും ചെയ്യുന്നു. എന്നിരുന്നാലും, ഭൂരിഭാഗം തൊഴിലാളികളും കർഷകരും ഇപ്പോഴും മറ്റ് സംഘടനകളുടെയും നേതാക്കളുടെയും സ്വാധീനത്തിലാണ്.

അവർ ഇതുവരെ സ്വന്തം വർഗബോധം പൂർണമായി വീണ്ടെടുത്തിട്ടില്ല. നിലവിലെ പ്രതിസന്ധിയിൽ ഏറ്റവും പ്രധാനപ്പെട്ട ശക്തി തൊഴിലാളിവർഗവും കർഷകജനതയുമാണെന്ന് അവർ ഇനിയും പൂർണമായി തിരിച്ചറിഞ്ഞിട്ടില്ല.

കാരണം, അവരുടെ എണ്ണം വളരെ വലുതാണ്. കൂടാതെ സമൂഹത്തെ മാറ്റിമറിക്കാനുള്ള ശക്തിയും അവർക്കുണ്ട്.

അതിനാൽ തൊഴിലാളികളും കർഷകരും മറ്റുള്ളവരുടെ പിന്നിൽ നടക്കാതെ, സ്വന്തം സ്വതന്ത്ര ശക്തിയായി രംഗത്തിറങ്ങണം.

വർഗസഹകരണം എന്ന പേരിൽ മുതലാളിവർഗവുമായി ചേർന്ന് പ്രവർത്തിച്ചാൽ, അതിന്റെ ഫലം പഴയ ഭരണകൂടത്തിന് പുതിയൊരു മുഖം നൽകുക മാത്രമായിരിക്കും.

അതിന് പകരം തൊഴിലാളിവർഗവും കർഷകരും സ്വന്തം താൽപര്യങ്ങൾക്കായി സ്വതന്ത്രമായി പോരാടുകയും സമൂഹത്തിന്റെ ഭാവി നിർണയിക്കുന്ന ശക്തിയായി മാറുകയും വേണം.

ഞങ്ങളുടെ പാർട്ടിയുടെ ഏറ്റവും പ്രധാനപ്പെട്ട കടമ തൊഴിലാളികളുടെയും കർഷകരുടെയും മനസ്സിൽ ഒരു അടിസ്ഥാന സത്യം ഉറപ്പിക്കുക എന്നതാണ്.

ഫാസിസത്തെ പരാജയപ്പെടുത്താൻ കഴിയുക തൊഴിലാളികളുടെയും കർഷകരുടെയും ബഹുജന വർഗസമരത്തിലൂടെയാണ്.

ഫാസിസ്റ്റ് മിലീഷ്യയെ നിരായുധമാക്കാൻ കഴിയുക തൊഴിലാളികളുടെയും കർഷകരുടെയും സർക്കാരിന് മാത്രമാണ്.

ഞങ്ങളുടെ നിരന്തരമായ പ്രചാരണത്തിലൂടെ ഈ സത്യങ്ങൾ തൊഴിലാളികളുടെയും കർഷകരുടെയും ബോധത്തിൽ ആഴത്തിൽ പതിയുമ്പോൾ, അവർ ഏത് പാർട്ടിയിൽപ്പെട്ടവരായാലും ഒരു കാര്യം മനസ്സിലാക്കും.

സ്വന്തം വർഗതാൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും ഫാസിസത്തിനെതിരെ പോരാടുന്നതിനുമായി തൊഴിലാളി-കർഷക കമ്മിറ്റികൾ രൂപീകരിക്കേണ്ടത് അനിവാര്യമാണെന്ന് അവർ തിരിച്ചറിയും.

അങ്ങനെ ഫാക്ടറികളിലെയും വയലുകളിലെയും തൊഴിലാളികളും കർഷകരും ഒന്നിച്ചുചേർന്ന് സ്വന്തം അവകാശങ്ങൾക്കും മോചനത്തിനുമായി സംഘടിതമായ പോരാട്ടം ആരംഭിക്കും.

തൊഴിലാളി-കർഷക കമ്മിറ്റികളാണ് വിപ്ലവ പോരാട്ടത്തിനും കൊലയാളികളുടെ ഭരണകൂടത്തിന് പകരം തൊഴിലാളികളുടെയും കർഷകരുടെയും സർക്കാർ സ്ഥാപിക്കാനുമുള്ള ആവശ്യമായ ഉപകരണങ്ങളെന്ന് അവർ മനസ്സിലാക്കും.

വീണ്ടും ഒരിക്കൽ കൂടി തൊഴിലാളികളെയും സാധാരണ ജനങ്ങളെയും തങ്ങളുടെ പക്ഷത്തേക്ക് ആകർഷിക്കാൻ ശ്രമിക്കുന്ന ലിബറൽ പാർട്ടിയുടെ സമ്മേളനം അവസാനിക്കുന്ന വേളയിൽ, ഇറ്റലിയുടെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ തൊഴിലാളികളും കർഷകരും അവരുടെ പൊള്ളയായ വാഗ്ദാനങ്ങൾക്കും ശൂന്യമായ പ്രസംഗങ്ങൾക്കും വ്യക്തമായ മറുപടി നൽകും:

"ഫാസിസവും ലിബറലിസവും വേണ്ട; പകരം സോവിയറ്റിസം"

അതായത്, ഫാസിസ്റ്റ് ഏകാധിപത്യവും പഴയ ലിബറൽ ഭരണക്രമവും അല്ല, തൊഴിലാളികളുടെയും കർഷകരുടെയും അധികാരത്തെ അടിസ്ഥാനമാക്കിയ ഒരു പുതിയ സാമൂഹിക വ്യവസ്ഥയാണ് അവരുടെ ലക്ഷ്യം.